"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി അഞ്ജലി റ്റി. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 1089/2025-ന്മേലുള്ള 13/01/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1616/2026/GEDN തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. ശ്രീമതി അഞ്ജലി റ്റി. സമർപ്പിച്ച റിവിഷൻ പെറ്റീഷൻ. (എക്സിബിറ്റ് പി 7)
2. റിട്ട് ഹർജി നമ്പർ 1089/2025-ന്മേലുള്ള 13/01/2025 തീയതിയിലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/05/2025-ലെ ഇ.റ്റി.3/3839/2025/ഡിജിഇ നമ്പർ കത്ത്.
4. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/05/2025-ലെ ബി2/463/2025 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി അഞ്ജലി റ്റി. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 1089/2025-ന്മേലുള്ള 13/01/2025 തീയതിയിലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും മറ്റുള്ളവരെയും കേൾക്കുന്നതിനും എക്സിബിറ്റ് പി7 റിവിഷൻ പെറ്റീഷൻ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 06/05/2025 തീയതിയിൽ ബന്ധപ്പെട്ടവരെ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരിയുടെയും മാനേജരുടെയും എച്ച്.എം.-ന്റെയും പൊതുവായ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.**

"ടി സ്കൂളിലെ യു.പി.എസ്.റ്റി. ശ്രീമതി കെ.ആർ.ഗീത 31/03/2020-ൽ വിരമിച്ച ഒഴിവിൽ ഹർജിക്കാരിയെ ഭിന്നശേഷി വ്യവസ്ഥകൾക്ക് വിധേയമായി 15/07/2021 മുതൽ നിയമിക്കുകയും പ്രൊവിഷണലായി നിയമനാംഗീകാരം നൽകുകയും ചെയ്തു. എന്നാൽ യു.പി.എസ്.റ്റി. തസ്തികയിൽ ടിയാൾക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് മുമ്പ് മാനേജർ 2022-23 വർഷത്തെ പ്രതീക്ഷിത എച്ച്.എസ്.റ്റി. (ഗണിതം) അധിക തസ്തികയിൽ 22/06/2022 മുതൽ നിയമിച്ചുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. 2022-23 വർഷത്തെ എച്ച്.എസ്.റ്റി. (ഗണിതം) അധിക തസ്തികയുടെ പ്രാബല്യ തീയതിയായ 01/10/2022 മുതൽ നിയമനാംഗീകാരം

നൽകുന്നതിന് തടസ്സമില്ലാത്തതാണ്. 15/07/2021 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ ഭിന്നശേഷി സംവരണത്തിനു വിധേയമായി തുടർന്നുവന്നിരുന്ന ഹർജിക്കാരിക്ക് 01/10/2022 മുതൽ എച്ച്.എസ്.റ്റി. (ഗണിതം) ആയി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് അംഗീകരിച്ചാൽ ഒഴിവ് വരുന്ന യു.പി.എസ്.റ്റി. തസ്തിക ഭിന്നശേഷി നിയമനത്തിനായി ലഭ്യമാകുന്നതുമാണ്. നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ മാനേജരുടെ ഭാഗത്തു നിന്നുണ്ടായ കാലതാമസത്തിന് ഹർജിക്കാരിയുടെ നിയമനാംഗീകാരത്തിന് തടസ്സവാദമുന്നയിക്കുന്നത് നീതി നിഷേധമാണ്. മാത്രമല്ല, കാലതാമസത്തിന്റെ കാലയളവ് വ്യക്തമായി സൂചിപ്പിച്ചിട്ടുമില്ല.

യു.പി.എസ്.റ്റി. നിയമനത്തിന് 15/01/2021 മുതൽ റഗുലർ വ്യവസ്ഥയിൽ അംഗീകാരം നൽകുന്നതോടെ ചട്ടം 43 അവകാശിയായ ഹർജിക്കാരിക്ക് എച്ച്.എസ്.റ്റി. (ഗണിതം) അധിക തസ്തികയിലെ 22/06/2022 മുതൽ 30/09/2022 വരെയുള്ള നിയമനം യു.പി.എസ്.റ്റി. ആയി ക്രമീകരിക്കുന്നതിനും 01/10/2022 മുതൽ എച്ച്.എസ്.റ്റി. (ഗണിതം) നിയമനത്തിന് ശമ്പള സ്കെയിലിൽ അംഗീകാരം നൽകണമെന്നും അഭ്യർത്ഥിക്കുന്നു."

3.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"ടി സ്കൂളിൽ 31/03/2020-ലുണ്ടായ വിരമിക്കൽ ഒഴിവിൽ ഹർജിക്കാരിയെ 15/07/2021 മുതൽ നിയമിക്കുകയും പ്രൊവിഷണലായി ശമ്പള സ്കെയിലിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. യു.പി.എസ്.റ്റി. നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പായി മാനേജർ ടിയാളെ എച്ച്.എസ്.റ്റി. (ഗണിതം) പ്രതീക്ഷിത അധിക തസ്തികയിൽ 22/06/2022 മുതൽ സ്ഥാനക്കയറ്റം നൽകിയതിനാലും നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 3 ദിവസത്തെ കാലതാമസം ഉണ്ടായതിനാലും ഹർജിക്കാരിയുടെ എച്ച്.എസ്.റ്റി. (ഗണിതം) നിയമനം അംഗീകരിച്ചിട്ടില്ല."

4.സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ എച്ച്.എസ്.റ്റി. (ഗണിതം) അധിക തസ്തികയിലെ നിയമനം 22/06/2022-ൽ ആണെങ്കിലും 2022-23 വർഷത്തെ അധിക തസ്തികയ്ക്ക് പ്രാബല്യം വരുന്നത് 01/10/2022 മുതലായതിനാൽ ടിയാളുടെ എച്ച്.എസ്.റ്റി. (ഗണിതം) നിയമനം 01/10/2022 മുതൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും 22/06/2022 മുതൽ 30/09/2022 വരെയുള്ള കാലയളവ് യു.പി.എസ്.റ്റി. ഒഴിവിൽ ക്രമീകരിക്കുന്നതിനും ഉത്തരവുണ്ടാകണമെന്നതാണ് ഹർജിയിലെ ആവശ്യം.

5.ഹർജിക്കാരിക്ക് 15/07/2021 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ അംഗീകാരം ലഭിക്കുന്നതിനു മുമ്പാണ് എച്ച്.എസ്.റ്റി. (ഗണിതം) നിയമനം നൽകിയിട്ടുള്ളത്. നിലവിൽ ടിയാൾക്ക് 15/01/2021 മുതൽ തന്നെ യു.പി.എസ്.റ്റി. ആയി അംഗീകാരം ലഭിച്ചിട്ടുണ്ട്. ടിയാൾക്ക് യു.പി.എസ്.റ്റി. അംഗീകാരം ലഭിക്കുന്നതിനു മുമ്പ് എച്ച്.എസ്.റ്റി. ആയി സ്ഥാനക്കയറ്റം നൽകിയെന്നും, നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ മൂന്ന് ദിവസത്തെ കാലതാമസം വരുത്തിയെന്നുമാണ് ടിയാളുടെ എച്ച്.എസ്.റ്റി. നിയമനാംഗീകാരത്തിന് വിദ്യാഭ്യാസ ഓഫീസർമാർ ഉന്നയിക്കുന്ന തടസ്സവാദങ്ങൾ.

6.പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതാതു മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ചു

പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാവുന്നതു എങ്കിൽ അവർക്കു ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും, ടി തസ്തികയിലെ ശമ്പളവും അനുവദിക്കുവാനും പരിണിത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്കു ഒഴിവു വരുന്ന തീയതി പരിഗണിച്ചു പ്രൊവിഷണലായോ,ദിവസവേതനത്തിലോ ഏതാണോ ബാധകമാകുന്നത് അപ്രകാരവും നിയമനാംഗീകാരം നൽകാവുന്നതാണ് എന്നും ടി വ്യവസ്ഥ ഹയർ സെക്കണ്ടറി വരെയുള്ള നിയമനകൾക്കു ബാധകവുമാണ് എന്നും 19/12/2024 ലെ JR1/336/2024/GEDN Part(2) നമ്പർ സർക്കാർ കത്തുപ്രകാരം ഡി.ജി.ഇ ക്ക് നിർദേശം നൽകിയിട്ടുണ്ട്.

7.മേൽ സാഹചര്യത്തിൽ ഹർജിക്കാരിക്ക് 15/07/2021 മുതൽ പ്രൊവിഷണലായി യു.പി.എസ്.റ്റി. ആയി നിയമനാംഗീകാരം ലഭിച്ചിട്ടുള്ളത് പരിഗണിച്ച് എച്ച്.എസ്.റ്റി. (ഗണിതം) അധിക തസ്തികയിലെ നിയമനം, സ്ഥാനകയറ്റ നിയമനമായി കണക്കാക്കി, ഭിന്നശേഷി വ്യവസ്ഥ ബാധകമാക്കാതെ, നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിലെ കാലതാമസം മാപ്പാക്കി മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 01/10/2022 മുതൽ പ്രൊവിഷണലായി അംഗീകരിച്ചു നൽകുന്നതിനും അധിക തസ്തികയിലെ നിയമനത്തിന് പ്രാബല്യം 01/10/2022 മുതലാണെന്നതിനാൽ, ടിയാളുടെ 22/06/2022 മുതൽ 30/09/2022 വരെയുള്ള കാലയളവ്, 15/07/2021 മുതൽ യു.പി.എസ്.റ്റി. ആയി തുടർന്ന് വരുന്നതിനാൽ, ടി കാലയളവിൽ ലഭ്യമായ യു.പി.എസ്.റ്റി. ഒഴിവിൽ പ്രൊവിഷണലായി ക്രമീകരിക്കുന്നതിനും വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7.മേൽപ്രകാരം എക്സിബിറ്റ് പി 7 റിവിഷൻ ഹർജി തീർപ്പാക്കി റിട്ട് ഹർജി നമ്പർ 1089/2025-ന്മേലുള്ള 13/01/2025 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി അഞ്ജലി റ്റി., എച്ച്.എസ്.റ്റി. (ഗണിതം), എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, ചെന്നീർക്കര, പത്തനംതിട്ട-689 503.
മാനേജർ, എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, ചെന്നീർക്കര, പത്തനംതിട്ട-689 503.
ഹെഡ്മാസ്റ്റർ, എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, ചെന്നീർക്കര, പത്തനംതിട്ട-689 503.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(14.01.2026 ലെ GE-JA3/512/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/25/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 24-02-2026 12:45:31

സെക്ഷൻ ഓഫീസർ